**കന്യാകുമാരി-കാസർഗോഡ് ജലപാതയുടെ വികസനത്തിന് നടപടി**

**8 (2460)** ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുമാരി-കാസർഗോഡ് ജലപാതയുടെ വികസനത്തിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ജലപാത വികസിപ്പിക്കുന്ന കാര്യത്തിൽ ഇതുവരെ ഉണ്ടായ പുരോഗതി അറിയിക്കുമോ ;

(സി) ഈ ജലപാതയുടെ ഭാഗമായ സുർത്താൻ തോടിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 12-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ദേശീയ ജലപാത വികസനത്തിനായി 225 കോടി രൂപ അനുവദിച്ചത് 2006-10 കാലയളവിലേക്കാണ്. ഇതിൽ 204.23 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ഇതിൽ ഒന്നാം ഘട്ടമായി 52.25 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 45.042 കോടി രൂപ മെയിൻ കനാലിനും 7.23 കോടി രൂപ ഫീഡർ കനാലിനും അനുവദിച്ചത് ഉപയോഗിച്ചത് അറേഞ്ച് ചെയ്ത 119 വർക്കുകളിൽ 92 എണ്ണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിൽ മെയിൻ കനാലുകൾക്ക് 140.617 കോടി രൂപയും ഫീഡർ കനാലുകൾക്ക് 6.076 കോടി രൂപയും, മെക്കാനിക്കൽ പ്രവൃത്തികൾക്ക് 5.283 കോടി രൂപയും അനുവദിച്ചുവെങ്കിലും 40.197 കോടി രൂപയുടെ 63 വർക്കുകൾ മാത്രമേ അറേഞ്ചുചെയ്യുവാൻ സാധിച്ചുള്ളൂ. ഇതിൽ 47 എണ്ണം പൂർത്തീകരിച്ചു. സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെവന്ന പ്രവൃത്തികളിൽ 136.45 കോടി രൂപയുടെ പ്രവൃത്തികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകി. ഇതിൽ 40 കോടി രൂപയുടെ പണികൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം നൽകുകയുണ്ടായി. ഈ പ്രവൃത്തികൾ നടന്നുവരുന്നു. ഇതുവരെ മൊത്തത്തിൽ 101 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി.

(ബി) താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു

1. കണ്ണൂർ-കാസർഗോഡ് മേഖലയിൽ 41.83 കി.മീ. നീളത്തിൽ ജലപാത നവീകരണം പൂർത്തിയാക്കി. ഇവിടെ 5 ബോട്ട് ജെട്ടികൾ നിർമ്മിച്ചു. കോഴിബസാർ പാലത്തിന്റെ പണി ഭാഗികമായി നടപ്പിലാക്കി.

2. കോഴിക്കോട് ജില്ലയിൽ വടക്കുമ്പാട് നദിയുടെ 1.50 കി.മീ. പണി പൂർത്തിയാക്കി. ബേപ്പൂർ കല്ലായി കനാലിന്റെ 1.50 കി.മീ. ഭാഗത്തെ നവീകരണം നടത്തി.

3. മലപ്പുറം ജില്ലയിൽ പൊന്നാനി ഭാഗത്ത് 800 മീ. ഭാഗത്തെ പണികൾ പൂർത്തിയാക്കി.

LIBRARY ARCHIVES Kerala Legislative Assembly